ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 31-3-2005 വരെ സർക്കാരിന്റെ പൊതുകടം 41854.90 കോടി രൂപയാണ്.

(ബി) ഏഷ്യൻ വികസന ബാങ്കിൽനിന്നും കേന്ദ്ര സർക്കാർവഴി 1036.50 കോടി രൂപ അധിക കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്. ഇത് സാമ്പത്തിക പരിഷ്കരണങ്ങൾ (Fiscal Reforms), ഭരണ നവീകരണ പരിപാടി (M.G.P.) എന്നീ മേഖലകളിൽ വിനിയോഗിച്ചിട്ടുണ്ട്.

(സി) എഫ്.ആർ. ആന്റ് എം.ജി.പി. മേഖലയിൽ എ.ഡി.ബി. യിൽനിന്നും ലഭിക്കേണ്ട മൊത്തം തുക 250 മില്യൺ ഡോളർ ആണ്.

(ഡി) സംസ്ഥാന സർക്കാരിന്റെ ബാദ്ധ്യതകൾ താഴെ കാണുംപ്രകാരമാണ്:

1. ആഭ്യന്തര കടബാദ്ധ്യത
2. കേന്ദ്ര സർക്കാരിൽനിന്നുള്ള വായ്പകൾ
3. ലഘുസമ്പാദ്യം, പ്രോവിഡന്റ് ഫണ്ടുകൾ മുതലായവ.

ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വകുപ്പുകൾ കമ്പ്യൂട്ടറൈസ് ചെയ്യാൻവേണ്ടി ചെലവിട്ട തുക

32 [969] *ശ്രീ. പി. കെ. കെ. ബാവ:*
,, *സി. മമ്മൂട്ടി:*
,, *പി. കെ. അബ്ദുറബ്ബ്:*
,, *സി. മോയിൻകുട്ടി:*
,, *കളത്തിൽ അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 വർഷത്തിൽ ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വകുപ്പുകൾ കമ്പ്യൂട്ടറൈസ് ചെയ്യാൻവേണ്ടി ചെലവിട്ട തുക എത്രയാണ്;

(ബി) ഇത് ഏതെല്ലാം വകുപ്പുകളിലാണ് ചെലവായത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആകെ തുക: 1,88,46,335 (ഒരു കോടി എൺപത്തിയെട്ടു ലക്ഷത്തി നാൽപ്പത്തിയാറായിരത്തി മൂന്നൂറ്റി മുപ്പത്തിയഞ്ചു രൂപ മാത്രം).

ധനകാര്യ വകുപ്പ് .. 22,86,669 രൂപ

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വകുപ്പുകൾ കമ്പ്യൂട്ടറൈസ് ചെയ്യാൻ വേണ്ടി ചെലവിട്ട തുക താഴെ വിവരിക്കുന്നു:

നാഷണൽ സേവിംഗ്സ് വകുപ്പ്	..	55,000 രൂപ
ട്രഷറി വകുപ്പ്	..	1,61,77,000 രൂപ
സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ്	..	79,958 രൂപ
ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്	..	2,47,708 രൂപ

(ബി) ധനകാര്യ വകുപ്പ്, നാഷണൽ സേവിംഗ്സ് വകുപ്പ്, ട്രഷറി വകുപ്പ്, സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ്, ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്.

പൊതുകടം

33 [970] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ ഇതുവരെയുള്ള പൊതുകടം എത്രയെന്നും 2001 മേയ് മുതൽ 2005 മാർച്ച് 31 വരെയുള്ള കാലയളവിലെ പൊതുകടം എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നാണ് കടം വാങ്ങിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾപ്രകാരം 2005 മേയ് 31 വരെ സർക്കാരിന്റെ പൊതുകടം 43,154.99 കോടി രൂപയാണ്. 2001 മാർച്ച് മുതൽ 2005 മാർച്ച് 31 വരെയുള്ള കാലയളവിലെ പൊതുകടം താഴെ കാണുംപ്രകാരമാണ്:

വർഷം	*പൊതുകടം (രൂപ കോടിയിൽ)*
2000-2001	23,919
2001-2002	26,951
2002-2003	31,060
2003-2004	37,457
2004-2005†	41,855

(സി) എൽ.ഐ.സി., ജി.ഐ.സി., നബാർഡ്, എൻ.സി.ഡി.സി. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാനം കടം വാങ്ങിയിട്ടുണ്ട്.

† അക്കൗണ്ടന്റ് ജനറലിന്റെ മാർച്ച് സപ്ലിമെന്ററി കണക്ക് പ്രകാരം.

LIBRARY ARCHIVES Kerala Legislative Assembly